**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1840** **29-09-2025 - ൽ മറുപടിയ്ക്ക്**

**ടെക്നിക്കൽ സ്കൂളുകളിൽ ഹയർ സെക്കണ്ടറി സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ടെക്നിക്കൽ സ്കൂളുകളിൽ ഇപ്പോൾ ഹയർ സെക്കണ്ടറി സംവിധാനം നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണെന്ന് വിശദമാക്കുമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി സംവിധാനം നിലവിലില്ല.<br><br>ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പ്രവർത്തിക്കുന്ന 15 ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു.<br><br>1. ടി.എച്ച്.എസ്.എസ്, അടൂർ<br>2. ടി.എച്ച്.എസ്.എസ്, ആലുവ<br>3. ടി.എച്ച്.എസ്.എസ്, ചേർത്തല<br>4. എം.ടി.എച്ച്.എസ്.എസ്, കല്ലൂർ<br>5. എം.ടി.എച്ച്.എസ്.എസ്, കപ്രാശ്ശേരി<br>6. ടി.എച്ച്.എസ്.എസ്, മല്ലപ്പള്ളി<br>7. എം.ടി.എച്ച്.എസ്.എസ്, മുട്ടട<br>8. ടി.എച്ച്.എസ്.എസ്, പീരുമേട്<br>9. ടി.എച്ച്.എസ്.എസ്, പെരിന്തൽമണ്ണ<br>10. എം.ടി.എച്ച്.എസ്.എസ്, പുതുപ്പള്ളി<br>11. ടി.എച്ച്.എസ്.എസ്, തിരുത്തിയാട്<br>12. ടി.എച്ച്.എസ്.എസ്, തൊടുപുഴ<br>13. ടി.എച്ച്.എസ്.എസ്, വരടിയം<br>14. ടി.എച്ച്.എസ്.എസ്, വട്ടംകുളം<br>15. എം.ടി.എച്ച്.എസ്.എസ്, വാഴക്കാട് |
| (ബി) | ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുൻപ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തത്കാലത്തേയ്ക്ക് മാറ്റി വയ്ക്കുകയുണ്ടായി. ഈ വിഷയത്തിൽ ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, ടെക്നിക്കൽ ഹൈസ്കൂളുകളെ ടെക്നിക്കൽ ഹയർ |

| | | | |
|---|---|---|---|
| | | | സെക്കണ്ടറി സ്കൂളുകളായി ഉയർത്തുന്നതിനുള്ള നിർദ്ദേശം പുനഃപരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ